REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-11-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യൻ സേന ദേശീയ താൽപ്പര്യങ്ങൾക്കൊപ്പം പുതിയ സുരക്ഷാ വെല്ലുവിളികൾ നേരിടാനും തയ്യാറെടുക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **പ്രധാനമന്ത്രി നരേന്ദ്ര മോദി മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഒഡീഷയിൽ എത്തും.**
- **55-ാമത് ഗോവ രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് കൊടിയിറങ്ങി.**
- **കോതമംഗലം കുട്ടമ്പുഴയിൽ വനത്തിൽ കാണാതായ മൂന്ന് സ്ത്രീകൾക്കായി തിരച്ചിൽ തുടരുന്നു.**
- **ആധാരത്തിൽ വിലകുറച്ച് കാണിച്ച കേസുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിൽ വന്നു.**

## വാർത്തകൾ വിശദമായി

ഇന്ത്യൻ സായുധ സേന ദേശീയ താൽപ്പര്യങ്ങൾക്കൊപ്പം സൈബർ യുദ്ധവും തീവ്രവാദവും പോലെ പുതിയ സുരക്ഷാ വെല്ലുവിളികൾ നേരിടാനും തയ്യാറെടുക്കണമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ഊട്ടിയിലെ വെല്ലിംഗ്ടൺ സൈനിക സ്റ്റാഫ് ട്രെയിനിംഗ് കോളേജിൽ ഓഫീസർമാരെയും ഫാക്കൽറ്റികളെയും അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. അതിവേഗം മാറി ക്കൊണ്ടിരിക്കുന്ന ലോക-രാഷ്ട്രീയാന്തരീക്ഷത്തിൽ, ഏത് സാഹചര്യവും നേരിടാൻ സേന തയ്യാറായിരിക്കണം.

നാല് ദിവസത്തെ സന്ദർശനത്തിന് ബുധനാഴ്ച്ച തമിഴ്നാട്ടിൽ എത്തിയ രാഷ്ട്രപതി ഇന്ന് ആദിവാസി വനിതാ സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങളുമായും, നീലഗിരി ജില്ലയിലെ ആദിവാസി സമൂഹത്തിലെ പ്രമുഖരുമായും ഉദഗമണ്ഡലത്തിലെ രാജ്ഭവനിൽ സംവദിക്കും.

നാളെ തിരുവാരൂരിൽ തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ ബിരുദദാനച്ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി മൂന്ന് ദിവസത്തെ സന്ദർശനത്തിന് ഇന്ന് ഒഡീഷയിൽ എത്തും. ഭുവനേശ്വറിൽ സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും പോലീസ് മേധാവികളുടെയും ഇൻസ്പെക്ടർ ജനറൽ മാരുടെയും അഖിലേന്ത്യാ സമ്മേളനത്തിൽ പ്രധാനമന്ത്രി പങ്കെടുക്കും. നരേന്ദ്രമോദിയെ കൂടാതെ ആഭ്യന്തര മന്ത്രി അമിത് ഷാ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ എന്നിവരും സമ്മേളനത്തിൽ പങ്കെടുക്കും.

✪✪✪

കഴിഞ്ഞ 10 വർഷത്തിനിടെ തീവ്രവാദം, കലാപം, മയക്കുമരുന്ന് തുടങ്ങിയ വെല്ലുവിളികൾ നേരിടുന്നതിൽ രാജ്യം സുപ്രധാനമായ വിജയം നേടിയെന്ന് ആഭ്യന്തര മന്ത്രി അമിത് ഷാ പറഞ്ഞു. മുസ്സോറിയിലെ ലാൽ ബഹദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷനിൽ പരിശീലന സമാപന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അമിത് ഷാ.

✪✪✪

55-ാമത് ഗോവ രാജ്യാന്തര ചലച്ചിത്രമേളയ്ക്ക് കൊടിയിറങ്ങി. ഈ മാസം 20 മുതൽ 28 വരെയായിരുന്നു മേള. ചലച്ചിത്രമേഖലയിലെ ആജീവനാന്ത സംഭാവനയ്ക്ക് കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ സത്യജിത് റായ് പുരസ്കാരം പ്രശസ്ത ഓസ്ട്രേലിയൻ സംവിധായകൻ ഫിലിപ്പ് നോയ്സിന് സമ്മാനിച്ചു. സ്വീഡിഷ് ഫിലിം മേക്കർ, ലവാൻ അക്കിൻ ICFT യുനസ്കോ ഗാന്ധി മെഡൽ നേടി - ചിത്രം ക്രോസിംഗ്.

ഡെസ്ക് റിപ്പോർട്ട്....

.....വോയ്സ്.....

ലിത്വാനിയൻ ചിത്രം ടോക്സികിനാണ് സുവർണ്ണമയൂര പുരസ്കാരം. ദ ന്യൂയർ ദാറ്റ് നെവർ കെയിം, എന്ന റൊമാനിയൻ ചിത്രത്തിലൂടെ ബോഗ്ദാൻ മുറേസാൻ മികച്ച സംവിധാനത്തിന് രജതമയൂരം നേടി.12th ഫെയിൽ എന്ന

ചിത്രത്തിൽ മികച്ച അഭിനയം കാഴ്ച വെച്ച വിക്രാന്ത് മാസിക്കാണ് പേഴ്സണാലിറ്റി ഓഫ് ദി ഇയർ അവാർഡ്.

ഹോളി കൗ, എന്ന ചിത്രത്തിലൂടെ ഫ്രഞ്ച് നടൻ ക്ലമന്റ് ഫ്ലാവോ മികച്ച അഭിനേതാവായി. വനിതാ വിഭാഗത്തിൽ ടോക്സികിലെ അഭിനയത്തിന് വെസ്റ്റാ മറ്റുലായിറ്റെ- യും, ഇവാ റുപാകായിറ്റെ-യും മികച്ച നടീ പുരസ്കാരം പങ്കു വെച്ചു.

ഫെമിലിയർ ടച്ചിലൂടെ, മികച്ച നവാഗത സംവിധായക പുരസ്കാരം, അമേരിക്കൻ സംവിധായിക, സാറാ ഫ്രീഡ് ലാന്റ് സ്വന്തമാക്കി.

12 അന്താരാഷ്ട്ര ചിത്രങ്ങളും മൂന്ന് ഇന്ത്യൻ ചിത്രങ്ങളുമടക്കം 15 സിനിമകളാണ് സുവർണമയൂരത്തിനായി മത്സരിച്ചത്.

✪✪✪

വയനാട് ലോക്സഭ മണ്ഡലത്തിലെ വോട്ടർമാരോട് നന്ദി പറയാൻ ലോക്സഭ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയും വയനാട് MP പ്രിയങ്ക ഗാന്ധിയും നാളെ മണ്ഡലത്തിലെത്തും. ശനിയാഴ്ച രാവിലെ കരിപൂർ വിമാനത്താവളത്തിൽ ഇറങ്ങുന്ന ഇരുവരും ഉച്ചയ്ക്ക് മുക്കത്ത് പൊതുസമ്മേളത്തിൽ പങ്കെടുക്കും. തുടർന്ന് കരുളായി, വണ്ടൂർ, എടവണ്ണ എന്നിവിടങ്ങളിലും പ്രിയങ്ക ഗാന്ധി സ്വീകരണ സമ്മേളനങ്ങളിൽ പങ്കെടുക്കും.

ഞായറാഴ്ച വയനാട്ടിൽ മാനന്തവാടിയിലും സുൽത്താൻ ബത്തേരിയിലും, കല്പറ്റയിലും സ്വീകരണ പരിപാടികളിൽ അവർ സംബന്ധിക്കും. വൈകിട്ട് കരിപ്പൂരിൽ നിന്ന് ഡൽഹിയിലേക്ക് മടങ്ങും.

✪✪✪

റെയ്ഡ്കോ ഭക്ഷ്യോൽപ്പന്നങ്ങളുടെ വിദേശ കയറ്റുമതി മറ്റന്നാൾ കണ്ണൂർ മാവിലായിൽ മന്ത്രി P രാജീവ് ഉദ്ഘാടനം ചെയ്യും. ആദ്യഘട്ടത്തിൽ UAE യിലേക്കും തുടർന്ന് ഖത്തർ, സൗദി അറേബ്യ, ഒമാൻ, ബഹറിൻ എന്നീ രാജ്യങ്ങളിലേക്കുമാണ് കയറ്റുമതിയെന്ന് റെയ്ഡ് കോ ചെയർമാൻ M. സുരേന്ദ്രൻ കണ്ണൂരിൽ അറിയിച്ചു.

✪✪✪

ദേശീയപാത 66 ൽ കണ്ണൂർ മുഴപ്പിലങ്ങാട് മഠത്തിൽ, മേൽ നടപ്പാത നിർമ്മിക്കാൻ അനുമതി നൽകിയതായി കേന്ദ്ര മന്ത്രി നിധിൻ ഗഡ്കരി ലോക്സഭയെ അറിയിച്ചു. ഈ ആവശ്യം ഉന്നയിച്ച് K സുധാകരൻ MP കേന്ദ്രമന്ത്രിയ്ക്ക് നിവേദനം നൽകിയിരുന്നു.

അടുത്ത ആഗസ്റ്റ് മാസത്തോടെ ഫുട്ട് ഓവർ ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തികരിക്കും.

✪✪✪

എറണാകുളം ജില്ലയിലെ കോതമംഗലം കുട്ടമ്പുഴയിൽ അട്ടിക്കളത്ത് പശുക്കളെ തിരയാൻ വനത്തിൽ കയറി കാണാതായ മൂന്ന് സ്ത്രീകൾക്കായി തിരച്ചിൽ തുടരുന്നു. പാറുക്കുട്ടി, മായ, ഡാർലി സ്റ്റീഫൻ എന്നിവരെയാണ് കാണാതായത്. പൊലീസും അഗ്നിരക്ഷാ സേനയും വനം വകുപ്പും ചേർന്നാണ് തെരച്ചിൽ നടത്തുന്നത്. രാത്രിയിൽ തെരച്ചിലിനിറങ്ങിയ നാല് സംഘങ്ങളിൽ രണ്ട് സംഘം മടങ്ങിയെത്തി. കാട്ടാനക്കൂട്ടവും വെളിച്ചക്കുറവും തെരച്ചിലിന് വെല്ലുവിളി സൃഷ്ടിക്കുന്നുണ്ട്.

ഇന്നലെ ഉച്ചയ്ക്കാണ് മേയാൻ വിട്ട പശുക്കളെ തിരഞ്ഞ് മൂന്ന് പേരും വനത്തിൽ പോയത്.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ പാസിംഗ് ഔട്ട് പരേഡിന് മുന്നോടിയായി കേഡറ്റുകൾ അഭ്യാസ പ്രകടനങ്ങൾ കാഴ്ചവെച്ചു. നാളെ രാവിലെയാണ് പാസിംഗ് ഔട്ട് പരേഡ്.

✪✪✪

ആധാരത്തിൽ വിലകുറച്ച് കാണിച്ചതുമായി ബന്ധപ്പെട്ട കേസുകളിൽ ഇളവുകളോടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിൽ വന്നു. 1986 മുതൽ 2017 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്തതും, അണ്ടർവാല്വേഷൻ റിപ്പോർട്ട് നൽകിയതുമായ കേസുകൾ തീർപ്പാക്കാനാണ് അവസരം നൽകുന്നത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

...........വോയ്സ്............

സെറ്റിൽമെന്റ് പദ്ധതി പ്രകാരം രജിസ്ട്രേഷൻ ഫീസ് 75 ശതമാനം വരെയും സ്റ്റാമ്പ് ഡ്യൂട്ടി 60 ശതമാനം വരെയും ഇളവ് ചെയ്യും.

2017 മുതൽ 2023 മാർച്ച് 31 വരെ കണ്ടെത്തിയ അണ്ടർ വാല്വേഷൻ കേസുകൾക്ക് കോംപൗണ്ടിംഗ് പദ്ധതിയിൽ രജിസ്ട്രേഷൻ ഫീസ് മുഴുവനായി

ഒഴിവാക്കി. സ്റ്റാമ്പ് ഡ്യൂട്ടിയുടെ 50 ശതമാനം തുക ഒടുക്കിയാൽ മതിയാകും. ഈ ആനുകൂല്യം 2025 മാർച്ച് 31 വരെ മാത്രമേ ലഭിക്കൂ. ആനുകൂല്യം ഉപയോഗപ്പെടുത്താത്ത കേസുകളിൽ മുഴുവൻ തുകയ്ക്കും റവന്യൂ റിക്കവറി നടപടി സ്വീകരിക്കാനാണ് തീരുമാനം.

✪✪✪

അഖില ഭാരതീയ പൂർവ്വ സൈനിക സേവ പരിഷത്ത് അഖിലേന്ത്യാ വാർഷിക ജനറൽ ബോഡി യോഗം ഇന്ന് കണ്ണൂരിൽ ആരംഭിക്കും. ഇന്ന് കോർ കമ്മിറ്റി യോഗവും മാനേജ്മെന്റ് കമ്മറ്റി യോഗവും ചേരും.

നാളെ രാവിലെ ജനറൽ ബോഡി യോഗം ആരംഭിക്കും. ഉച്ചയ്ക്ക് ചടങ്ങിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയാകും.

ഞായറാഴ്ച രാവിലെ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സമ്മേളനത്തെ അഭിസംബോധന ചെയ്യും.

✪✪✪

ഇടുക്കി റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിൽ മൂന്ന് ദിവസം പിന്നിടുമ്പോൾ കട്ടപ്പന, തൊടുപുഴ സബ്ജില്ലകൾ 404 പോയിന്റ് വീതം നേടി തുല്യത പാലിക്കുകയാണ്. 336 പോയിന്റുമായി അടിമാലി സബ്ജില്ലയാണ് രണ്ടാമത്.

സ്കൂൾ തലത്തിൽ കൂമ്പൻപാറ ഫാത്തിമമാത സ്കൂളാണ് മുന്നിൽ.

✪✪✪

ISL ഫുട്ബാളിൽ കേരള ബ്ലാസ്റ്റേഴ്സിന് തോൽവി. കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ എതിരില്ലാത്ത ഒരു ഗോളിനാണ് ബ്ലാസ്റ്റേഴ്സ്, ഗോവ FC യോട് പരാജയപ്പെട്ടത്.

ഇന്ന് ഈസ്റ്റ് ബംഗാൾ നോർത്ത് ഈസ്റ്റ് യൂണൈറ്റഡിനെ നേരിടും. വൈകീട്ട് 7.30 ന് കൊൽക്കത്ത സാൾട്ട് ലേക്ക് സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ലഖ്നൗവിൽ സയ്യദ് മോദി ഇന്റർനാഷണൽ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ ക്വാർട്ടർ ഫൈനൽ മത്സരങ്ങൾ ഇന്ന്. ഉച്ചയ്ക്ക് ശേഷമാണ് മത്സരങ്ങൾ.

PV സിന്ധുവും, ലക്ഷ്യാ സെന്നും ഇന്നലെ ക്വാർട്ടറിലെത്തിയിരുന്നു.

✪✪✪

ഒമാനിലെ മസ്കറ്റിൽ, പുരുഷ ജൂനിയർ ഏഷ്യാ കപ്പ് ഹോക്കി ടൂർണമെന്റിൽ ഇന്ത്യക്ക് വിജയം. ഇപ്പോഴത്തെ ചാമ്പ്യൻമാരായ ഇന്ത്യ, ജപ്പാനെ രണ്ടിനെതിരെ മൂന്ന് ഗോളിനാണ് തോൽപ്പിച്ചത്.

✪✪✪

കണ്ണൂർ ആറളം ഫാം നിവാസികളുടെ പ്രശ്നങ്ങളിൽ സംസ്ഥാന പട്ടികജാതി-പട്ടിക-ഗോത്രവർഗകമ്മീഷൻ ശക്തമായി ഇടപെടുമെന്ന് ചെയർമാൻ ശേഖരൻ മിനിയോടൻ കണ്ണൂരിൽ പറഞ്ഞു. പുനരധിവാസവും ഭവന നിർമ്മാണവുമടക്കം നിരവധി വിഷയങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് പരിഹാരനിർദേശങ്ങൾ നൽകിയതായി ശേഖരൻ മിനിയോടൻ അറിയിച്ചു.

✪✪✪

അശാസ്ത്രീയമായ വാർഡ് വിഭജനത്തിനെതിരെ മുസ്ലീം ലീഗും UDF ഉം ശക്തമായ പ്രക്ഷോഭം നടത്തുമെന്ന് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി PMA സലാം പറഞ്ഞു. പാർലമെന്റ് തെരഞ്ഞെടുപ്പിലേയും ഉപതെരഞ്ഞെടുപ്പിലേയും ഫലം തദ്ദേശതെരഞ്ഞെടുപ്പിൽ ആവർത്തിക്കുമെന്ന് ഭയപ്പെട്ടാണ് വാർഡ് വിഭജനത്തിൽ ക്രമക്കേട് നടത്തുന്നതെന്ന് സലാം കുറ്റപ്പെടുത്തി.

✪✪✪

വിവരാവകാശ നിയമത്തിലെ പ്രാഥമിക കർത്തവ്യങ്ങൾ പോലും പാലിക്കാത്ത ഓഫീസുകൾ ഉണ്ടെന്ന് കോഴിക്കോട്ടെ ഹിയറിങ്ങിൽ വ്യക്തമായതായി വിവരാവകാശ കമ്മിഷണർ TK രാമകൃഷ്ണൻ അറിയിച്ചു. ഇത്തരക്കാർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു.

അത്തോളി KSEB ഓഫീസുമായി ബന്ധപ്പെട്ട ഹർജി പരിഗണനാ വേളയിൽ ഉദ്യോഗസ്ഥർ ഹാജരാവുകയോ, റിപ്പോർട്ടോ മറ്റ് വിവവരങ്ങളോ നൽകുകയോ ചെയ്തില്ലെന്ന് കമ്മീഷന് ബോധ്യപ്പെട്ടു.

✪✪✪

കോഴിക്കോട് തിരുവമ്പാടി പുല്ലുരാംപാറയിൽ വോളിബോൾ കളിയ്ക്കു ശേഷം പോലീസുകാരൻ കുഴഞ്ഞു വീണു മരിച്ചു. കോഴിക്കോട് കൺട്രോൾ റും ലെ സീനിയർ CPO പെരികിലത്തിൽ ഷാജിയാണ് മരിച്ചത്.

✪✪✪

കേരളാ ബാങ്കിൽ എംപ്ലോയിസ് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ മൂന്ന് ദിവസത്തെ പണിമുടക്ക് ഇന്നലെ ആരംഭിച്ചു. പലയിടത്തും ബാങ്ക് ശാഖകളുടെ പ്രവർത്തനത്തിൽ തടസ്സം നേരിട്ടു. പണിമുടക്ക് ഇന്നും നാളെയും തുടരും. ബദൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ബാങ്ക് മാനേജ്മെന്റ് അറിയിച്ചു.

✪✪✪

കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ കഴിഞ്ഞ ദിവസം യാത്രക്കാരെ കടിച്ച നായയ്ക്ക് പേവിഷബാധയുണ്ടെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ സ്ഥിരീകരിച്ചു. കടിയേറ്റവരും നായയുടെ സ്പർശനം ഏറ്റവരും വാക്സിൻ എടുക്കണമെന്ന് അധികൃതർ അറിയിച്ചു. ബുധനാഴ്ച റെയിൽവേ സ്റ്റേഷനിൽ 25 ഓളം പേരെയാണ് നായ ആക്രമിച്ചത്.

✪✪✪

29-ാമത് കേരള രാജ്യാന്തര ചലചിത്രമേളയോട് അനുബന്ധിച്ച് ടൂറിംഗ് ടാക്കീസ് വിളംബര ജാഥ ഇന്ന് കോഴിക്കോട് ജില്ലയിൽ പ്രവേശിക്കും. വൈകീട്ട് മാനാഞ്ചിറ പബ്ലിക് ലൈബ്രറിയിൽ അവാർഡ് ചിത്രം 'നൻപകൽ നേരത്ത് മയക്കം' പ്രദർശിപ്പിക്കും.

✪✪✪

കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഇടിമിന്നലോട് കൂടിയ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ് അറിയിച്ചു. തൃശൂർ, മലപ്പുറം ജില്ലകളിൽ നാളെ ഓറഞ്ച് ജാഗ്രതയും പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. മീൻ പിടുത്തക്കാർ തിങ്കളാഴ്ച വരെ കടലിൽ പോകുന്നതിനും വിലക്കുണ്ട്.

✪✪✪